നഷ്ടത്തിലോടുന്ന 25% ഷെഡ്യൂളുകൾ നിർത്തലാക്കി ലാഭകരമായി പുനഃക്രമീകരിക്കുവാനും ഇതിനുപുറമേ മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി മിഡിൽ ലെവൽ മാനേജ്മെന്റിലേക്ക് 40% പേരെ നേരിട്ട് നിയമിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. നാളിതുവരെ പ്രഖ്യാപിച്ചതിനുപരിയായി ഇനി മുതൽ കൂടുതൽ കൺസെഷനുകൾ അനുവദിക്കേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ട്.

ടി.എസ്.ആർ. സുബ്രഹ്മണ്യം കമ്മിറ്റി ശിപാർശകൾ

20 (*20) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. എസ്. സുനിൽകുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) പരിസ്ഥിതി വകുപ്പിന്റെ പ്രവർത്തനങ്ങളും നിയമങ്ങളും പരിഷ്കരിക്കാനുള്ള ടി.എസ്.ആർ. സുബ്രഹ്മണ്യം കമ്മിറ്റി ശിപാർശകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ കമ്മിറ്റിയുടെ പ്രധാന ശിപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം പരിഷ്കാരങ്ങൾ ആദിവാസികളെയും ഊരുകൂട്ടങ്ങളെയും ഏതു വിധത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) പ്രധാന ശിപാർശകൾ അനുബന്ധമായി ചേർത്തിരിക്കുന്നു**.

(സി) വനാവകാശ നിയമം നിലവിൽ വന്നതിനുശേഷം വനസംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ വനഭൂമി വനേതരാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് വനാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള ഗ്രാമസഭകളുടെ മുൻകൂർ അനുമതി ആവശ്യമാണ്. കേരളത്തിൽ ഊരുകൂട്ടങ്ങളാണ് ഗ്രാമസഭകൾ. കമ്മിറ്റിയുടെ ശിപാർശകളിൽ വനസംരക്ഷണ നിയമ പ്രകാരമുള്ള അനുമതി ത്വരിതപ്പെടുത്തുന്നതിനായി റോഡുകൾ, വൈദ്യുതി ലൈനുകൾ തുടങ്ങിയ 'ലീനിയർ പ്രോജക്ടുകളിൽ' ഗ്രാമസഭയുടെ അനുമതി ഒഴിവാക്കാൻ ശിപാർശയുണ്ട്. ഈ പദ്ധതികൾ ആദിവാസികൾക്കും ഗുണകരമാണെന്നാണ് കമ്മിറ്റിയുടെ നിഗമനം. റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly